LIBRARY ARCHIVES Kerala Legislative Assembly

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ 'നിറവ്' പദ്ധതി

195 (1565) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തെ 'നിറവ്' പദ്ധതിയിൽ ഉൾപ്പെടുത്തിയത് ഏതു വർഷമാണ് ;

(ബി) 'നിറവ്' പദ്ധതിയുമായി ബന്ധപ്പെട്ട് പ്രസ്തുത മണ്ഡലത്തിലെ കൃഷി-മൃഗസംരക്ഷണ വകുപ്പുകൾ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ട് എപ്പോഴാണ് സമർപ്പിച്ചത് ;

(സി) പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് പ്രകാരം 'നിറവ്' പദ്ധതിക്ക് അംഗീകാരം നൽകുവാനും ഫണ്ട് ലഭിക്കുവാനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ഡി) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ 'നിറവ്' പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; വ്യക്തമാക്കുമോ?

ഉത്തരം

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തെ 'നിറവ്' പദ്ധതിയിൽ ഉൾപ്പെടുത്തിയത് 2013-14 -ആണ്.

(ബി&സി) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് 13-2-2015-ൽ പദ്ധതികൾ തീരുമാനിച്ചു. പ്രോജക്ട് റിപ്പോർട്ട് കൃഷി ഡയറക്ടർക്ക് സമർപ്പിക്കപ്പെട്ടിട്ടില്ല.

(ഡി) കൃഷി വകുപ്പിന്റെ പദ്ധതികൾ പ്രാരംഭ ഘട്ടത്തിലാണ്. എന്നാൽ 2014-15 സാമ്പത്തിക വർഷം വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഓഫ് കേരള നിറവ് പദ്ധതി പ്രകാരം മട്ടന്നൂർ നിയോജകമണ്ഡലത്തിൽ 12.375 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഫീൽഡ് തലത്തിൽ പൂർത്തിയായി കഴിഞ്ഞ പ്രസ്തുത പദ്ധതികൾക്കുള്ള ധനസഹായ വിതരണം ഉടൻ പൂർത്തിയാക്കുന്നതാണ്.